സ്പോർട്സ് 1/43864/2017/ഡി പി ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി: 12/06/2017

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം :- പൊ.വി – സ്പോർട്സ് – അന്തർ ദേശീയ യോഗ വാരാഘോഷം 2017 – സംബന്ധിച്ച്

സൂചന :- 1) 09.06.2017 ന് ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം

2) നം. എസ് എസ് (2)/06-2017/ഡി പി ഐ

ബഹു ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 09.06.2017 ന് ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും 21.06.2017 ന് യോഗദിനം ആചരിക്കേണ്ടതാണെന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്കൂളുകളിലും 2017 ജൂൺ 14 മുതൽ 21 വരെ ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിപാടികളും സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. യോഗാദിനം ആചരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

അന്തർദേശീയ യോഗദിനത്തിന്റെ ഭാഗമായി കേരളത്തിലെ സ്കൂളുകളിൽ 21.06.2017 ന് യോഗാദിനം ആഘോഷിക്കേണ്ടതാണ്. 21.06.2017 ന് രാവിലെ 7.30 നും 10.30 നും ഇടയിലുള്ള ഒരു മണിക്കൂർ (സ്കൂൾ അസംബ്ലി സെക്ഷൻ ഉൾപ്പെടെ) യോഗ പരിശീലനം നടത്തേണ്ടതാണ്. ഇതിനായി പ്രധമാദ്ധ്യാപകർ അതാത് പ്രദേശത്തുള്ള Indian System of Medicine ആയുർവേദ ആശുപത്രിയിലെ സർക്കാർ മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെട്ട് അവരുടെ ഉപദേശ പ്രകാരമായിരിക്കണം യോഗാപരിശീലനങ്ങളും, റാലിയും സംഘടിപ്പിക്കേണ്ടത്. യോഗ പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾ രാവിലെ ലഘുഭക്ഷണം മാത്രമേ കഴിക്കാവൂ എന്ന് നിർദ്ദേശിക്കേണ്ടതാണ്. കൂടാതെ കുട്ടികളുടെ ആരോഗ്യസ്ഥിതി പരിഗണിച്ചു വേണം പങ്കെടുപ്പിക്കേണ്ടത്. ആരോഗ്യ സ്ഥിതി മോശമായ കുട്ടികളെ പങ്കെടുപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ടി സാഹചര്യത്തിൽ ബന്ധപ്പെട്ട ജില്ല, ഉപജില്ല, വിദ്യാഭ്യാസ ഓഫീസർമാർ പ്രധമാദ്ധ്യാപകർ എന്നിവരെ യഥാസമയം അറിയിച്ച് 21.06.2017 ന് രാവിലെ 7.30 നും 10.30 നും ഇടയിലുള്ള ഒരു മണിക്കൂർ (സ്കൂൾ അസംബ്ലി സെക്ഷൻ ഉൾപ്പെടെ) യോഗ പരിശീലനം സ്കൂളുകളിൽ നടക്കുന്നുണ്ടെന്ന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പാക്കേണ്ടതാണ്.

DIRECTORATE OF PUBLIC INSTRUCTION
JAGATHY, THIRUVANANTHAPURAM-14

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

Dr CHACKO JOSEPH
Joint Director
Physical Education & Sports
Directorate Of Public Instruction
Thiruvananthapuram-14

പകർപ്പ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും